ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ്ബോർഡ്
ബിൽഡിംങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസ്ഡിഡി.സി.2/125872/2018/എച്ച്.എസ്.ഇ     തീയതി: 06/09/2018

## സർക്കുലർ

**വിഷയം:** **ഹ.സെ.വി. - ദുരിതാശ്വാസ പ്രവർത്തനം - 2018 ആഗസ്റ്റിലെ പേമാരിയും, വെള്ളപ്പൊക്കവും - ദുരന്തനിവാരണ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ - കേരളത്തിന്റെ പുനർ നിർമ്മാണം - വിദ്യാർത്ഥികളിലൂടെ - ഫണ്ട് ശേഖരിക്കുന്നത് സംബന്ധിച്ച്.**

**സൂചന:** **31/08/2018 ലെ മന്ത്രിസഭായോഗ തീരുമാനങ്ങൾ.**

പ്രളയദുരന്തം വരുത്തിവെച്ച സമാനതകളില്ലാത്ത ദുരിതങ്ങളെ അതിജീവിക്കാനുള്ള പരിശ്രമത്തിലാണ് കേരളം. ഒരൊറ്റ ദിനം കൊണ്ട് ജീവിതത്തിൽ അതു വരെ നേടിയ സർവ്വതും നഷ്ടപ്പെട്ട നിസ്സഹായരായ മനുഷ്യരാണ് നമുക്കു ചുറ്റുമുള്ളത്. നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ടു. സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കാനാവാത്ത വിധത്തിൽ കേടുപാടുകൾ സംഭവിക്കുകയോ പൂർണ്ണമായും നശിക്കുകയോ ചെയ്തിട്ടുണ്ട്. അനേകായിരം കുട്ടികളുടെ പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ തുടങ്ങിയവ പൂർണ്ണമായും നശിക്കുകയോ/നഷ്ടപ്പെടുകയോ ചെയ്തു. നിത്യജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കാൻ പോലുമാകാതെ ജീവിതത്തിനു മുന്നിൽ പകച്ചു നിൽക്കുന്ന നമ്മുടെ സഹോദരങ്ങളെ ജീവിതത്തിന്റെ പ്രതീക്ഷകളിലേക്ക് തിരികെയെത്തിക്കേണ്ടത് ഒരു സാമൂഹ്യജീവി എന്ന നിലയിൽ നമ്മളോരോരുത്തരുടേയും ചുമതലയാണ്. ദുരന്ത സന്ദർഭങ്ങളിൽ നാം പ്രകടിപ്പിച്ച സഹജീവി സ്നേഹത്തിന്റെ ഉദാത്തമാതൃക നമുക്ക് തുടരേണ്ടതുണ്ട്. കൊച്ചുകുട്ടികളുടെ സമ്പാദ്യക്കുടുക്ക മുതൽ മുതിർന്ന പൗരന്മാരുടെ പെൻഷൻ തുക വരെ യാതൊരു വൈമനസ്യവുമില്ലാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പ്രവഹിക്കുന്ന ആവേശകരമായ കാഴ്ചയാണ് നാം ദിവസേന കണ്ടുകൊണ്ടിരിക്കുന്നത്. നമുക്കും ഈ മഹായജ്ഞത്തിന്റെ ഭാഗമാകേണ്ടതുണ്ട്.

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ്, ഇതര സ്വകാര്യ സ്കൂളുകൾ/CBSE/ICSE/KV/നവോദയ സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികളിൽ നിന്നും ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. കുട്ടികളിൽ നിന്നും സ്വരൂപിക്കുന്ന

ദുരിതാശ്വാസ ഫണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിരിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ജഗതി ശാഖ) ചുവടെ പറയുന്ന കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

| | | |
|---|---|---|
| **കറണ്ട് അക്കൗണ്ട് നമ്പർ** | - **37918513327** | **എസ്.ബി.ഐ., ജഗതി,** |
| **IFS കോഡ്** | - **SBIN0070568** | **തിരുവനന്തപുരം** |

2018 സെപ്തംബർ 11 ന് കേരളത്തിലാകമാനമുള്ള സ്കൂൾ കുട്ടികളിൽ നിന്നും ദുരിതാശ്വാസ ഫണ്ട് ശേഖരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ഏകദിന ധനസമാഹരണ യജ്ഞത്തിലൂടെ പരമാവധി ദുരിതാശ്വാസ നിധി സ്വരൂപിക്കുവാൻ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ്, ഇതര സ്വകാര്യസ്കൂളുകൾ/ CBSE/ICSE/KV/നവോദയ സ്കൂളുകൾ എന്നിവിടങ്ങളിലെ പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.education.kerala.gov.in) നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിച്ചും സമാഹരിച്ച ഫണ്ട് പ്രസ്തുത അക്കൗണ്ടിൽ അടയ്ക്കാവുന്നതാണ്.

ഇന്റർനെറ്റ് ബാങ്കിംങ്/ഡെബിറ്റ് കാർഡ് മുഖേന പണം നിക്ഷേപിക്കാവുന്നതാണ്. പണമായി നിക്ഷേപിക്കുകയാണെങ്കിൽ മേൽപറഞ്ഞ ലിങ്കിൽ നിന്നും ലഭിക്കുന്ന "ചെലാൻ" ഉപയോഗിച്ച് കേരളത്തിലെ ഏത് എസ്.ബി.ഐ. ശാഖയിലും മറ്റ് ചാർജ്ജുകൾ ഒന്നും നൽകാതെ പണം അടയ്ക്കാവുന്നതാണ്.

കുട്ടികളിൽ നിന്ന് ധനസമാഹരണം നടത്തുമ്പോൾ യാതൊരു കാരണവശാലും കുട്ടികളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല. ക്ലാസ് തലത്തിൽ പൊതുവായി പണം ശേഖരിച്ച ശേഷം സ്കൂളിലെ പൊതുവായ ഫണ്ട് എന്ന നിലയ്ക്ക് പ്രിൻസിപ്പാൾ മേൽ പറഞ്ഞ അക്കൗണ്ടിലേയ്ക്ക് പണം അടയ്ക്കേണ്ടതാണ്.

ഒപ്പ്

**ഡയറക്ടർ**

ഹയർ സെക്കൻഡറി വിദ്യാഭ്യാസം

പകർപ്പ്:

1. എല്ലാ ആർ.ഡി.ഡി. മാർക്കും
2. എല്ലാ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/മറ്റ് പ്രൈവറ്റ് സ്കൂൾ/ CBSE/ICSE/KV/നവോദയ സ്കൂളുകൾ പ്രിൻസിപ്പൽമാർക്കും